(ബി) ക്യാൻസലേഷൻ കുറച്ച് സർവീസുകൾ കാര്യക്ഷമമായി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ജലഗതാഗതവകുപ്പിന്റെ ഉടമസ്ഥതയിലുള്ള ബോട്ടുകൾ നവീകരിക്കുന്നതിനും പുതിയ ബോട്ടുകൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ബോട്ടുസർവീസുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(എഫ്)തിരക്ക് അനുഭവപ്പെടുന്ന മേഖലകളിൽ പുതിയ ബോട്ടുസർവീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) എറണാകുളത്ത് തേവരയിലുള്ള ബോട്ട് യാർഡ് നവീകരിക്കുന്നതിനും പുതിയ സ്ളിപ്പ് വേ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുകഴിഞ്ഞു. മൂന്നു പുതിയ ബോട്ടുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. ഓരോ വർഷവും പുതിയ ബോട്ടുകൾ നിർമ്മിക്കുന്നതിനും പുതിയ എഞ്ചിനുകൾ, ഗിയർ ബോക്സുകൾ ഇവ വാങ്ങുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) കേടാകുന്ന ബോട്ടുകൾ അടിയന്തിരമായി റിപ്പയർ തീർത്തിറക്കി സർവീസിന് നൽകുന്നതിനാൽ ക്യാൻസലേഷൻ വളരെ കുറഞ്ഞിട്ടുണ്ട്.

(ഡി) ബോട്ടുകൾ നവീകരിക്കുന്നതിനും പുതിയ ബോട്ടുകൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ചുകഴിഞ്ഞു. പരീക്ഷണാർത്ഥം ഒരു സ്റ്റീൽ ബോട്ടു നിർമ്മിക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. പുതിയ മൂന്നു ബോട്ടുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ഇ) പയ്യന്നൂർ-കോട്ടപ്പുറം റൂട്ടിൽ മുടങ്ങികിടന്ന ജലഗതാഗതം പുനരാരംഭിച്ചു. കൂടാതെ മൂന്നു ബോട്ടുകൾ ഉപയോഗിച്ച് പറശ്ശിനി മാട്ടൂർ, പഴയങ്ങാടി റൂട്ടിൽ സർവീസുകൾ ആരംഭിച്ചുകഴിഞ്ഞു.

(എഫ്)ഉണ്ട്. കൂടുതൽ യാത്രാനിരക്ക് അനുഭവപ്പെടുന്ന വൈപ്പിൻ എറണാകുളം ഫെറിയിൽ ആറു ബോട്ടുകൾ മുടക്കം കൂടാതെ സർവീസ് നടത്തുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞു.

23 (*279) വനവൽക്കരണ പദ്ധതി

ശ്രീ. എം. ദാസൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനവികസനവും വനപരിപാലനവും ലക്ഷ്യമാക്കി സർക്കാർ ആരംഭിച്ച സമഗ്രവനവൽക്കരണ പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം പ്രദേശത്ത് നടപ്പിലാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിക്ക് ലോകബാങ്ക് സഹായം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി എത്രകാലംകൊണ്ടാണ് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്;

(ഇ) സമഗ്ര വികസന പദ്ധതി നടപ്പാക്കുന്ന പ്രധാന പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ലോകബാങ്ക് സഹായത്തോടെ സമഗ്രമായ വനവികസനത്തിന് രൂപം നൽകിയിട്ടുള്ള കേരള ഫോറസ്ട്രി പ്രോജക്ട് സംസ്ഥാനത്തെ എല്ലാ വനമേഖലകളിലും നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുക 182.39 കോടി രൂപയാണ്. ഇതിൽ 152.1 കോടി രൂപ ലോകബാങ്ക് ധനസഹായമായി നൽകുന്നതാണ്. ഈ തുക ഭാരതസർക്കാർ 2008 മുതൽ 2033 വരെ അർദ്ധ വാർഷിക ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്. ലോകബാങ്ക് നൽകുന്ന തുക്യ്ക്ക് 0.75% സർവ്വീസ് ചാർജ്ജ് ലോകബാങ്ക് ഈടാക്കുന്നതാണ്. കൂടാതെ കരാർ പ്രകാരമുള്ള തുകയിൽ വാങ്ങാത്ത തുകയ്ക്ക് 0.5% ത്തിൽ കവിയാതെയുള്ള തുക കമ്മിറ്റ്മെന്റ് ചാർജായും നൽകാൻ വ്യവസ്ഥയുണ്ട്. ഇപ്രകാരം ലോകബാങ്കിൽ നിന്നും നൽകുന്ന സഹായം ഭാരതസർക്കാർ അധികമായി പദ്ധതിയിനത്തിൽ ഉൾക്കൊള്ളിച്ച് ഭാരതസർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി കേരളസർക്കാരിനു നൽകുന്നതാണ്.

(ഡി) 1998-99 മുതൽ നാലുവർഷംകൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഇ) ആധുനിക സാങ്കേതിക ഭരണനിർവ്വഹണ സംവിധാനങ്ങൾ ഉൾപ്പെടുത്തി വനംവകുപ്പിന്റെ പ്രവർത്തനങ്ങൾ സമൂലം മെച്ചപ്പെടുകയും അതിനോടൊപ്പം താഴെപ്പറയുന്ന ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകതകൾ.

1. സ്ഥായിയായ പരിസ്ഥിതി സംരക്ഷണത്തിനും ജൈവവൈവിധ്യ പരിപാലത്തിനുവേണ്ടിയുള്ള വനസംരക്ഷണം.

2. പദ്ധതി പ്രദേശത്തെ വനത്തിൽ നിന്നും തോട്ടങ്ങളിൽ നിന്നുമുള്ള തടിയുടെയും മറ്റു വനവിഭവങ്ങളുടെയും സ്ഥായിയായ ഉൽപ്പാദനക്ഷമതയുടെ വർദ്ധന.

3. വനത്തിനുള്ളിലും വനാതിർത്തിഭാഗങ്ങളിലും താമസിക്കുന്ന ആദിവാസികൾ ഉൾപ്പെടെയുള്ള പാവപ്പെട്ടവരുടെ ജീവിതനിലവാര ഉന്നമനം.

24 (*280) വനംകൊള്ള തടയുന്നതിന് നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ :

ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly